**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ജൂൺ 29, ബുധൻ

നിയമസഭ രാവിലെ 8.30 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**അടിയന്തിരപ്രമേയം**

**ആദിവാസി കോളനികളിൽ കോളറ രോഗം**

മി. സ്പീക്കർ : വയനാട് ജില്ലയിലെ ആദിവാസി കോളനികളിൽ കോളറ രോഗം പിടിപെട്ടതിനെത്തുടർന്ന് കഴിഞ്ഞ ഒരാഴ്ചയ്ക്കിടയിൽ വെള്ളമുണ്ട പഞ്ചായത്തിലെ അഞ്ച് പേർ മരണപ്പെടുകയും ഒട്ടേറെപേർ വിവിധ ആശുപത്രികളിൽ ചികിത്സയിലുമായതിനാൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. പ്രദീപ് കുമാർ, വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, എ.എ. അസീസ്, എ.കെ.ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : വയനാട് ജില്ലയിലെ ആദിവാസി കോളനികളിൽ കോളറ രോഗം വ്യാപകമാകുകയും

ഒട്ടേറെ ആദിവാസികൾ ഗുരുതരാവസ്ഥയിൽ ആശുപത്രിയിലാവുകയും ചെയ്തതിനെത്തുടർന്ന് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോളറ രോഗംമൂലം നാല് ആളുകൾ മരണപ്പെട്ട സംഭവം വളരെ നിർഭാഗ്യകരമാണ്. വെള്ളമുണ്ട, ബത്തേരി, പുൽപ്പള്ളി എന്നിവിടങ്ങളിലെ ആദിവാസി കോളനി കളിൽ കോളറ രോഗം പടർന്നുപിടിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോളനി നിവാസിയല്ലാത്ത ഒരാളുൾപ്പെടെ അഞ്ച് പേരുടെ മരണം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ഡി.എം.ഒ.യ്ക്കും ജില്ലാ ഭരണാധികാരി കൾക്കുമടക്കം ആവശ്യമായ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ രോഗം നിയന്ത്രണവിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും വകുപ്പുമന്ത്രി ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയ പ്പോൾത്തന്നെ ഗവൺമെന്റ് ബന്ധപ്പെട്ട ജില്ലാഭരണാധികാരികളുമായി അടിയന്തിര ചർച്ച നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന തിന് ഏർപ്പാടുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : വയനാട് ജില്ലയിലെ ആദിവാസി കോളനികളിൽ കോളറ പടർന്നുപിടിച്ചതിനെത്തുടർന്ന് ആദിവാസികൾ മരിക്കാനിടയായതും അതുസൃഷ്ടിച്ച ഭീതിജനകമായ അവസ്ഥയും സംബന്ധിച്ച് യാതൊരു ഗൗരവവുമില്ലാത്ത നിലപാട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സ്വീകരിച്ചത് അത്യന്തം ഖേദകരമാണ്. കോളറ രോഗം ബാധിച്ച് ആറ് ആളുകൾ മരണപ്പെട്ടതായിട്ടാണ് വിവരം ലഭിച്ചിട്ടുള്ളതെങ്കിലും ഇതു സംബന്ധിച്ച് യഥാർത്ഥത്തിലുള്ള സ്ഥിതിവിവരം ഇപ്പോഴും ഗവൺമെന്റിന്

ലഭിച്ചിട്ടില്ല. 56 ആളുകൾ വയനാട് ജില്ലയിലെ വിവിധ ആശുപത്രികളിലും കോഴിക്കോട് മെഡിക്കൽ കോളേജിലുമായി ചികിത്സയിലാണ്. കോളറ രോഗം വ്യാപകമായി പടരുന്ന ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായിട്ടും ഗവൺമെന്റ് അതിനനുസരിച്ച് പ്രതികരിച്ചിട്ടില്ലെന്നത് വസ്തുതയാണ്. പകർച്ചവ്യാധികൾ മറ്റ് പല ജില്ലകളിലേയ്ക്കുകൂടി പടർന്നുപിടിക്കുന്ന സ്ഥിതിവിശേഷവും നിലനിൽക്കുകയാണ്. വർഷങ്ങൾക്കുമുമ്പ് ഉന്മൂലനം ചെയ്യപ്പെട്ട കോളറ രോഗം ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്നതിന്റെ കാരണം കണ്ടെത്താൻ ആരോഗ്യ വകുപ്പ് തയ്യാറാകണം. രോഗപ്രതിരോധ പ്രവർത്തനങ്ങൾ യഥാസമയം നടത്തുന്നതിലും ഈ സർക്കാർ സമ്പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. സന്നദ്ധസംഘടനകൾ, ഉദ്യോഗ സ്ഥർ, ജനപ്രതിനികൾ തുടങ്ങിയവരുടെ സഹകരണത്തോടെ മഴക്കാലം വരുന്നതിനുമുമ്പായി പകർച്ചവ്യാധികൾ തടയാനുള്ള പ്രതിരോധ പ്രവർത്തനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഫലപ്രദമായി നടത്തിയിട്ടുണ്ട്. ആദിവാസി ഊരുകളിൽ പ്രതിമാസം നടത്താറുള്ള മെഡിക്കൽ ക്യാമ്പുകളും മൊബൈൽ യൂണിറ്റുകളെ അയയ്ക്കുന്ന സമ്പ്രദായവും ഇപ്പോൾ വേണ്ടെന്ന് വച്ചിരിക്കുകയാണ്. കഴിഞ്ഞ നാല് വർഷമായി ഏപ്രിൽ-മേയ് മാസങ്ങളിൽ വാർഡ് തലത്തിലുള്ള ഹെൽത്ത് ആന്റ് സാനിട്ടേഷൻ കമ്മിറ്റികൾക്ക് ശുചീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി അനുവദിക്കാറുള്ള 10,000 രൂപയുടെ ധനസഹായവും ഹോസ്പിറ്റൽ അൺടൈഡ് ഫണ്ട് ഇനത്തിൽ സി.എച്ച്.സി.കൾക്കും പി.എച്ച്.സി.കൾക്കും അനുവദിക്കാറുള്ള ഫണ്ടും മെയിന്റൻസ് ഇനത്തിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾക്കുള്ള ഫണ്ടുകളും ഈ വർഷം ഇതുവരെയും നൽകിയിട്ടില്ല. മുഖ്യമന്ത്രി പ്രഖ്യാപിച്ച നൂറ് ദിന പരിപാടിയിലും രോഗപ്രതിരോധപ്രവർത്തനങ്ങൾക്ക്

പ്രാധാന്യം നൽകിയിട്ടില്ല. ആറ് ആദിവാസികൾ മരിക്കാനിടയായിട്ടും ആരോഗ്യ വകുപ്പുമന്ത്രി ജില്ലാതല മീറ്റിംഗ് വിളിക്കുകയോ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയോ ചെയ്തിട്ടില്ല. പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ജനപ്രതിനിധികളോ ജില്ലാ കളക്ടറോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ പങ്കെടുത്തിട്ടില്ല. രോഗങ്ങൾ പടരുന്നത് തടയുന്ന തിനായി പ്രതിരോധ നടപടികൾ സ്വീകരിക്കണം. ഇക്കാര്യത്തിൽ ആവശ്യ മായ മുൻകരുതലുകളെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഈ വിഷയം ലാഘവത്തോടെ കാണാതെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഇവിടെ ഉന്നയിച്ച ആവശ്യങ്ങളോട് സർക്കാർ പൂർണ്ണമായി യോജിക്കുന്നു. രോഗപ്രതിരോധ നടപടികൾക്കായി സർക്കാർ ശക്തമായി ഇടപെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട പട്ടികവർഗ്ഗ ക്ഷേമവകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ജില്ലാ കളക്ടർ പങ്കെടുക്കാത്തത് സംബന്ധിച്ച് അന്വേഷി ക്കുന്നതാണ്. എ.ഡി.എം.ന്റെ നേതൃത്വത്തിൽ യോഗം വിളിച്ചുകൂട്ടി അവിടെ കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടികൾക്കുള്ള നിർദ്ദേശം വാട്ടർ അതോറിറ്റിക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാ ആരോഗ്യ വിഭാഗം ജീവനക്കാർ വീടുകൾ സന്ദർശിച്ച് വയറിളക്കരോഗം ഉള്ളവരെ കണ്ടെത്തുവാനും നിർജ്ജലീകരണം ഒഴിവാക്കാൻ ഒ.ആർ.എസ്. വിതരണം ചെയ്യാൻ ആശ പ്രവർത്തകരെ നിയോഗിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ വെള്ളമുണ്ട, സുൽത്താൻബത്തേരി, പുൽപ്പള്ളി എന്നീ സ്ഥലങ്ങളിലെ ആദിവാസി കോളനികളിൽ നിന്നാണ് വയറിളക്കരോഗങ്ങൾ റിപ്പോർട്ട്

ചെയ്യപ്പെട്ടിട്ടുള്ളത്. വെള്ളമുണ്ട കൊടിയേരിക്കുന്ന് കോളനിയിൽ രണ്ടുപേർ മരണപ്പെട്ടതിനെത്തുടർന്ന് വയനാട് ഡി.എം.ഒ.യുടെ നേതൃത്വത്തിൽ നടത്തിയ സർവ്വേയിൽ 10 രോഗികളെ കണ്ടെത്തി വിദഗ്ദ ചികിത്സ നൽകുകയും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. ജില്ലാ ആശുപത്രിയിൽ ചികിത്സയിലുള്ള ഒരാൾ ഒഴികെ ബാക്കി യെല്ലാവരും ആശുപത്രി വിട്ടു. ആദ്യമായി രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട ബത്തേരി മാണിക്കുരി കോളനിയിൽ 16 രോഗികളിൽ ഒരാൾക്ക് രോഗം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. 13 വയസ്സുള്ള ഒരു കുട്ടി മരണപ്പെട്ടു. പുൽപ്പള്ളി ക്കടുത്ത് കോളനി നിവാസി അല്ലാത്ത ഒരാൾ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടു. രോഗം കോളറയെന്ന് സ്ഥീരീകരിക്കപ്പെട്ടി ട്ടില്ലാത്ത 4 വയസ്സുള്ള ഒരു കുട്ടിയും മരണപ്പെട്ടിട്ടുണ്ട്. പുൽപ്പള്ളി കമ്മ്യൂണിററി ഹെൽത്ത് സെന്ററിൽ 24 പേരും മാനന്തവാടി ജില്ലാ ആശുപത്രിയിൽ നാല് പേരും ചികിത്സയിലാണ്. ശുദ്ധജലം എത്തിക്കാൻ കഴിയാത്ത കോളനികളിൽ ഇന്നുമുതൽ കുപ്പിവെള്ളം വിതരണം ചെയ്യാൻ നടപടികൾ എടുത്തു കഴിഞ്ഞു. മറ്റു സഹായങ്ങൾ നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ദ്ധ സംഘം ഡി.എം.ഒ.-യുടെ നേതൃത്വത്തിൽ ആശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു. ചികിത്സയ്ക്ക് ആവശ്യമായ മരുന്നും ആശുപത്രി സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. മാനന്തവാടി ജില്ലാ ആശുപത്രിയിൽ അതിനുവേണ്ടി പ്രത്യേക വാർഡ് തുറന്ന് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. സ്ഥിതിഗതികൾ പൂർണ്ണമായും നിയന്ത്രണവിധേയമാണെന്ന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: വയനാട്ടിൽ മഴക്കാലത്ത് ജലം മലിനമാകുന്നതും കോളനികളിൽ ജനം തിങ്ങിപ്പാർക്കുന്നതുമാണ് കോളറ രോഗം പടരുന്നതിനുള്ള പ്രധാന കാരണം. കൂടുതൽ ഡോക്ടർമാരെ നിയോഗിച്ചുകൊണ്ട് ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും കോളനികൾ കേന്ദ്രീകരിച്ച് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിൽ കോളനികളിൽ ജനം തിങ്ങിപ്പാർക്കുന്നതാണ് കോളറ പടരുന്നതിന് പ്രധാന കാരണം. ടി.ഡി.ഒ.-യുടേയും ആരോഗ്യ വകുപ്പിന്റെയും നേതൃത്വത്തിൽ കോളനികൾ സന്ദർശിച്ച് കിണറുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വയനാട് ജില്ലയിൽ കോളറ രോഗത്തിന് അടിമപ്പെടുന്നത് സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരാണ്. ജില്ലയിലെ മൂന്ന് കോളനികളിലാണ് പ്രധാനമായും രോഗം പടർന്ന് പിടിച്ചിട്ടുള്ളത്. കുടിവെള്ളം മലിനമാകുന്നതാണ് രോഗം പടരുന്നതിനുള്ള പ്രധാന കാരണം. പതിനാല് ജില്ലകളിലും ഓരോ മന്ത്രിമാർക്ക് ചാർജ് കൊടുക്കുകയും എവിടെയെങ്കിലും പ്രശ്നമുണ്ടായാൽ വിവരങ്ങൾ മുഖ്യമന്ത്രിയേയും ബന്ധപ്പെട്ട മന്ത്രിമാരേയും അറിയിക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. കോളനികളിൽ വെള്ളം എത്തിക്കാനും വാഹനം എത്താത്ത സ്ഥലങ്ങളിൽ കുപ്പിവെള്ളം എത്തിക്കാനും സൗജന്യ റേഷൻ കൊടുക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത്തരം ആവശ്യങ്ങൾ ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ജനപ്രതിനിധികൾക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രസ്തുത കോളനികളിലെ 83 വീടുകളിൽ ലാട്രിനില്ലാത്ത 52 വീടുകൾക്ക് ഒരു മാസത്തിനകം ലാട്രിൻ പണിത്

നൽകാനായി 15,000 രൂപ വീതം അനുവദിക്കാനുള്ള തീരുമാനം ഇന്നത്തെ ക്യാബിനറ്റ് അംഗീകരിക്കും. കോളറ രോഗം ബാധിച്ച് മരിച്ചവരുടെ കുടുംബ ങ്ങൾക്ക് സാമ്പത്തിക സഹായം നൽകും. വയനാട്ടിൽ കിണറുകൾ ശുദ്ധീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുക യാണ്. ഏതെങ്കിലും നിയോജകമണ്ഡലത്തിൽ ഇക്കാര്യങ്ങളിൽ ജാഗ്രത യോടുകൂടിയുള്ള പ്രവർത്തനം നടക്കുന്നില്ലെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. കുറവുകളും പോരായ്മകളും പരിഹരിക്കുന്ന തിന് ഗവൺമെന്റ് മനുഷ്യത്വപരമായ സമീപനം സ്വീകരിക്കും. മറ്റ് കോളനി കളിലും സമയബന്ധിതമായി ലാട്രിൻ നിർമ്മിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്. കോളറ ബാധയുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രി വയനാട്ടിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ എ.ഡി.എം. പങ്കെടുത്തിട്ടുള്ളതായി ട്ടാണ് അറിയാൻ കഴിഞ്ഞത്. കളക്ടർ ലീവിലായിരുന്നു. വകുപ്പുമന്ത്രി സംഭവസ്ഥലം സന്ദർശിച്ച അവസരത്തിൽ മരണപ്പെട്ട രണ്ട് പേരുടെ കുടുംബ ങ്ങൾക്ക് 30,000 രൂപ വീതവും രോഗികളായിട്ടുള്ളവർക്ക് 10,000 രൂപ വീതവും നൽകിയിട്ടുണ്ട്. ഇനിയും ഇക്കാര്യത്തിൽ ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ തയ്യാറാണ്.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, സി.കെ. നാണു, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ക്രമപ്രശ്നം

**ബഡ്ജറ്റ് അവതരണ തീയതി മുൻകൂട്ടി പ്രഖ്യാപിച്ചത് സംബന്ധിച്ച്**

ശ്രീ. എ.കെ. ശശീന്ദ്രൻ: നിയമസഭാ ചട്ടങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കേണ്ട തീയതി നിശ്ചയിക്കേണ്ടത് ഗവർണ്ണറാണ്. എന്നാൽ ഗവർണ്ണറോ നിയമസഭാ സെക്രട്ടറിയറ്റോ ബഡ്ജറ്റ് അവതരിപ്പിക്കുന്ന തീയതി അംഗങ്ങളെ അറിയിക്കുന്നതിന് മുമ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മേയ് മാസം 27-ാം തീയതി മാതൃഭൂമിയുടെ കോട്ടയം യൂണിറ്റ് സന്ദർശിച്ച അവസരത്തിൽ ജൂലായ് മാസം എട്ടാം തീയതി സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന് പ്രസ്താവിച്ചത് നിയമസഭാ നടപടിചട്ടങ്ങളുടേയും ഈ സഭയുടേയും സഭയിലെ അംഗങ്ങളുടേയും അവകാശത്തിന്റെ ലംഘനമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി: ഇക്കാര്യത്തിൽ നിയമസഭയോട് ഒരു അനാദരവും കാണിച്ചിട്ടില്ല. പതിമൂന്നാം കേരള നിയമസഭ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നത് ജൂൺ 1-ാം തീയതിയാണ്. മേയ് 18-ാം തീയതിയാണ് മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്യുന്നത്. മന്ത്രിസഭ കൂടി, ഷെഡ്യൂൾ തയ്യാറാക്കി ബഡ്ജറ്റിന്റെ തീയതിയുടെ ഡ്രാഫ്റ്റ് ഗവർണ്ണർക്ക് അയയ്ക്കുന്നു. ഗവർണ്ണറാണ് തീയതി നിശ്ചയിച്ച് നോട്ടിഫൈ ചെയ്യേണ്ടത്. എന്നാൽ ഈ സംഭവം നടന്നത് മേയ് മാസം 27-നാണ്. അന്ന് പത്രമാഫീസിൽ ചെന്നപ്പോൾ എന്നാണ് ബഡ്ജറ്റ് അവതരിപ്പിക്കുന്നത് എന്ന ചോദ്യത്തിന് ഗവൺമെന്റ് ശുപാർശ ചെയ്തിരിക്കുന്നത് ജൂലായ് എട്ടാം തീയതിയാണെന്ന് സൗഹൃദപൂർവ്വം പറഞ്ഞതാണ്. ബഡ്ജറ്റിന്റെ തീയതി പറയാൻ പാടില്ലെന്ന് ഒരിടത്തും പരാമർശിച്ചിട്ടില്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 13-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിന്റെ തുടർ സമ്മേളനം സംബന്ധിച്ച തീരുമാനം ക്യാബിനറ്റ് നേരത്തെ എടുത്തിരുന്നെങ്കിലും ഗവർണ്ണർ അത് സംബന്ധിച്ച ഫയൽ ഒപ്പുവയ്ക്കുന്നത് 2011 മേയ് 30-നാണ്. ജൂൺ 1-ാം തീയതി അംഗങ്ങൾക്ക് തുടർ സമ്മേളനത്തിന്റെ കലണ്ടർ നൽകി. പ്രസ്തുത കലണ്ടർ മുഖേനയാണ് ജൂലായ് 8-ാം തീയതി പുതുക്കിയ ബഡ്ജറ്റ് സമർപ്പിക്കുന്നതെന്ന വിവരം അംഗങ്ങളെ അറിയിച്ചത്. അംഗങ്ങളെ നിയമസഭ സമ്മേളിച്ച ജൂൺ ഒന്നാം തീയതിയോ രണ്ടാം തീയതിയോ ഇക്കാര്യം അറിയിച്ചില്ലെന്ന അംഗത്തിന്റെ പ്രസ്താവന വസ്തുതാപരമല്ല. എന്നാൽ ഇക്കാര്യം അംഗങ്ങളെ അറിയിക്കുന്നതിന് മുമ്പ് മന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുന്ന തീയതി സംബന്ധിച്ച പ്രസ്താവന പുറത്ത് നടത്തിയതായി ചെയർ മനസ്സിലാക്കുന്നു. ഇതിൽ പ്രൊപ്രൈറ്റിയുടെ പ്രശ്നമുണ്ട്. മന്ത്രിമാർ ഇക്കാര്യത്തിൽ കുറച്ചുകൂടി ശ്രദ്ധചെലുത്തണം.

**ശ്രദ്ധക്ഷണിക്കൽ:**

1) **<u>പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം</u>**

<u>ശ്രീ. എളമരം കരീം</u>: സംസ്ഥാനത്ത് ദീർഘകാലമായി അടഞ്ഞുകിടക്കുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ്, കുണ്ടറ അലൂമിനിയം ഇൻഡസ്ട്രീസ്, കോഴിക്കോട് കോമൺവെൽത്ത് ഫാക്ടറി എന്നിവയുടെ പുനരുദ്ധാരണത്തിനും പ്രൊമോട്ടർമാരെ കണ്ടെത്തുന്നതിനും വേണ്ടി മുൻ സർക്കാരുകൾ നടത്തിയ ശ്രമങ്ങൾ വിജയിച്ചില്ല. ട്രാവൻകൂർ റയോൺസ് 450 കോടി രൂപ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന്

വായ്പയെടുത്തതിന് സർക്കാർ ഗ്യാരന്റി നിന്നതിനാൽ സർക്കാരിന് ബാധ്യത വരികയും കടക്കാർ ഹൈക്കോടതിയിൽ നിന്ന് സ്ഥാപനം അടച്ചുപൂട്ടുന്നതിന് സ്റ്റേ വാങ്ങുകയും ചെയ്തു. അലൂമിനിയം ഇൻഡസ്ട്രീസിന് അയൽ സംസ്ഥാനങ്ങളിൽ യൂണിറ്റുകൾ ഉണ്ട്. ബാങ്ക് ബാധ്യത തീർക്കുന്നതിനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി കോമൺവെൽത്ത് ഫാക്ടറിയുടെ കുറച്ച് സ്ഥാപനങ്ങൾ അവർ അടച്ചുപൂട്ടുകയും വിൽപ്പന നടത്തുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശപ്രകാരം 2010 ജൂലായ് മാസത്തിൽ ഈ ഫാക്ടറികൾ ഏറ്റെടുക്കുന്നതിനുള്ള ഓർഡിനൻസിന് അംഗീകാരം നൽകി കേന്ദ്രാനുമതിക്കായി അയച്ചത്. സ്വകാര്യ ഫാക്ടറികൾ ഏറ്റെടുക്കൽ കേന്ദ്ര സർക്കാരിന്റെ നയമല്ലെന്നും ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര വ്യവസായ വകുപ്പ് സംസ്ഥാന സർക്കാരിന് കത്തയയ്ക്കുകയും ഫാക്ടറികൾ ഏറ്റെടുക്കുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 213 (1) പ്രകാരം ഒരു നിയമനിർമ്മാണം നടത്താൻ സംസ്ഥാന നിയമസഭ കോമ്പിറ്റന്റാണെന്ന് അറിയിക്കുകയും ചെയ്തെങ്കിലും നിയമസഭാ തെരഞ്ഞെടുപ്പ് വന്നതിനാൽ നിയമനിർമ്മാണത്തിന് സാധിച്ചില്ല. പുതിയ സർക്കാരിന് താൽപര്യമുണ്ടെങ്കിൽ ഈ വിഷയങ്ങൾ വളരെ ഗൗരവമായി കാണുകയും നിയമനിർമ്മാണം നടത്തി പ്രസ്തുത സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):</u> ട്രാവൻകൂർ റയോൺസ്, അലൂമിനിയം

ഇൻഡസ്ട്രീസ്, കോമൺവെൽത്ത് ഫാക്ടറി തുടങ്ങിയ ബി.ഐ.എഫ്. ആർ.-ൽ ആയ കമ്പനികൾ ഏറ്റെടുത്ത് കഴിഞ്ഞ ഗവൺമെന്റ് ഓർഡിനൻസ് ഇറക്കി കേന്ദ്രാനുമതിക്കായി അയച്ചു. ബില്ലായശേഷം അപ്രൂവലിന് അയച്ചാൽ മതി എന്ന് കേന്ദ്രം നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ 30-06-2011-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗംകൂടി നിയമസഭയിൽ ബില്ല് കൊണ്ടുവരുന്ന കാര്യം ആലോചിക്കുന്നതാണ്. ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതുവരെ കോടതിയിലും ബി.ഐ.എഫ്.ആർ.-ലും പരാജയപ്പെടാതിരിക്കാൻ വ്യവസായ വകുപ്പ് സെക്രട്ടറിക്ക് ഇന്നുതന്നെ നിർദ്ദേശം കൊടുക്കാം.

2) ഡ്രഗ് മാഫിയയെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ഡി. സതീശൻ: ജനങ്ങളെ ചൂഷണം ചെയ്യുന്ന മരുന്നുമാഫിയ യുടെ പ്രവർത്തനങ്ങൾ ഇന്ന് സജീവമായിരിക്കുന്നു. ജീവൻരക്ഷാ ഔഷധങ്ങൾക്കും സർജിക്കൽ ഉപകരണങ്ങൾക്കും യഥാർത്ഥവിലയുടെ നൂറിരട്ടി വില ഈടാക്കുന്ന ഗുരുതരമായ സാഹചര്യം ഉണ്ട്. ആൻജിയോപ്ളാസ്റ്റി ചെയ്യുന്നതിന് ഉപയോഗിക്കുന്ന പതിനായിരം രൂപ വിലയുള്ള സ്റ്റെന്റിന് ഒന്നര ലക്ഷം രൂപവരെ ചില ആശുപത്രികളിൽ വില ഈടാക്കുകയും ഡോക്ടർമാർക്ക് വൻതോതിൽ കമ്മീഷൻ ലഭിക്കുകയും ചെയ്യുന്നു. ഭീമമായ തുക കമ്മീഷൻ ലഭിക്കുന്നതുകൊണ്ട് പല ഡോക്ടർമാരും ചെറിയ തരത്തിലുള്ള ഹൃദ്രോഗങ്ങൾക്കുപോലും ആൻജിയോപ്ലാസ്റ്റി റഫർ ചെയ്യാൻ മടിക്കുന്നില്ല. പ്രമേഹത്തിനുവേണ്ടി ഉപയോഗിക്കുന്ന 54 രൂപ വിലയുള്ള ഇൻസുലിന് 230 രൂപവരെയും 1,000 രൂപ വരെ വിലയുള്ള ഓർത്തോപീഡിക് സർജറിയുമായി ബന്ധപ്പെട്ട

ഉപകരണങ്ങൾക്ക് 50,000 രൂപവരെയും 36 രൂപ വിലയുള്ള ആന്റിബയോട്ടിക്സിന് 230 രൂപവരെയും പതിനായിരം രൂപ വിലയുള്ള കാൽമുട്ട് ശസ്ത്രക്രിയ ഉപകരണത്തിന് 80000 രൂപവരെയും രോഗികളിൽനിന്ന് ഈടാക്കുന്നു. സർജിക്കൽ എക്യുപ്മെന്റ്സിന് 800 ശതമാനംവരെ വില വർദ്ധിപ്പിച്ച് വിൽക്കുന്നു. ഹീമോഫീലിയ പോലെയുള്ള രോഗങ്ങൾക്ക് മരുന്നുകൾ മാർക്കറ്റിൽ ലഭ്യമല്ല. സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന എല്ലാ മരുന്നുകൾക്കും ബോംബെ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആൾ ഇന്ത്യാ കെമിസ്റ്റ്സ് ആന്റ് ഡ്രഗ്ഗിസ്റ്റ് അസ്സോസ്സിയേഷന് കോഴ കൊടുക്കണം. വില കുറച്ച് മരുന്ന് വിതരണം നടത്തിയാൽ ആ മരുന്നുകമ്പനികളെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുമെന്ന് സംഘടനകൾ ഭീഷണിപ്പെടുത്തുന്നു. ഉല്പാദകൻ, വിതരണക്കാരൻ, ഡോക്ടർ, റീട്ടെയിൽ ഔട്ട്ലെറ്റ് എന്നനിലയിൽ വിതരണ ശൃംഖല പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഉല്പാദകനെ നിയന്ത്രിക്കാൻ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് സമാനമായ സ്റ്റാറ്റ്യൂട്ടറി അതോറിറ്റി സംസ്ഥാനത്ത് രൂപീകരിക്കണം. ആൾ കേരള കെമിസ്റ്റ്സ് ആന്റ് ഡ്രഗിസ്റ്റ്സ് അസോസിയേഷന്റെയും ഫാർമ ട്രേഡേഴ്സ് ഫോറത്തിന്റെയും പ്രവർത്തനങ്ങളെക്കുറിച്ചും അവർ നടത്തുന്ന സാമ്പത്തിക തട്ടിപ്പുകളെക്കുറിച്ചും സമഗ്രമായ അന്വേഷണം നടത്തണം. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ പരിധിക്കപ്പുറത്തുള്ള വില ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും ആവശ്യമായ നിയമനിർമ്മാണം നടത്തണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : കേന്ദ്ര സർക്കാർ പാസ്സാക്കിയ 1995-ലെ ഡ്രഗ്സ് ഓർഡർ അനുസരിച്ചാണ് മരുന്നുകളുടെ വിൽപ്പനവില രാജ്യത്ത് നിയന്ത്രിക്കപ്പെടുന്നത്. നിലവിൽ 74 ഇനം മരുന്നുകളുടെയും അവയുടെ വിവിധയിനം കോമ്പിനേഷനുകളുടെയും സീലിംഗ് പ്രൈസ് മാത്രമാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച് നോട്ടിഫൈ ചെയ്തിട്ടുള്ളത്. എന്നാൽ അർബുദ ത്തിനും കിഡ്നി സംബന്ധമായ അസുഖങ്ങൾക്കുള്ള മരുന്നുകൾ, ആന്റിബയോട്ടിക്കുകൾ എന്നീ ജീവൻരക്ഷാ മരുന്നുകളുടെ സീലിംഗ് പ്രൈസ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നാളിതുവരെയും നോട്ടിഫൈ ചെയ്തിട്ടില്ല. എല്ലാ ജീവൻരക്ഷാ മരുന്നുകളു ടെയും വില നിയന്ത്രണം ഡ്രഗ്സ് ഓർഡറിന്റെ പരിധിക്കുള്ളിൽ വരുത്തി അവയുടെ സീലിംഗ് പ്രൈസ് നിശ്ചയിച്ച് നോട്ടിഫൈ ചെയ്യുന്നതിലേയ്ക്കായി നിയമനിർമ്മാണം നടത്തേണ്ടത് കേന്ദ്ര സർക്കാരാണ്. All Kerala Chemists and Drugists Association എന്ന സംഘടനയുടെ പ്രവർത്തനം സംബന്ധിച്ച് ലഭിച്ച പരാതികളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. കോടതി ഉത്തരവുള്ളതിനാൽ ഇക്കാര്യത്തിൽ ഇടപെടുന്നതിന് വകുപ്പിന് പരിമിതികളുണ്ടെങ്കിൽപ്പോലും വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് ഈ വിഷയത്തിൽ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : മെഡിക്കൽ സർവ്വീസസ് കോർപ്പറേ ഷന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താനും ജനങ്ങൾക്ക് ആവശ്യമായ

മരുന്ന് പരമാവധി വിലകുറച്ച് വിതരണം ചെയ്യാനുമുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

### 1) വനിതാ ഡോക്ടറെ ആക്രമിച്ച സംഭവം

ശ്രീ. സി.കെ. സദാശിവൻ : കായംകുളം ഗവൺമെന്റ് ആശുപത്രിയിൽ 22-05-2011-ന് രാത്രി ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ ഡോക്ടറെ മുസ്ലീം ലീഗ് ജില്ലാ നേതാവും കായംകുളം മുൻ മുനിസിപ്പൽ വൈസ് ചെയർമാനുമായ പി.കെ. കൊച്ചുകുഞ്ഞിന്റെ നേതൃത്വത്തിൽ ഒരു സംഘം സാമൂഹ്യവിരുദ്ധർ ആക്രമിക്കുകയും ആശുപത്രി ഉപകരണങ്ങൾ തകർക്കുകയും ചെയ്ത സംഭവത്തിന് ഉത്തരവാദികളായവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 22-05-2011-ന് കായംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിലെ ഒബ്സർവേഷൻ വാർഡിൽ കൊച്ചുകുഞ്ഞ് എന്നയാളിന്റെ കുട്ടിയെ ചികിൽസയ്ക്കായി പ്രവേശിപ്പിക്കുകയും അസുഖം കൂടുതലാണെന്ന് അറിയിച്ചതിനെത്തുടർന്ന് അത്യാഹിത വിഭാഗത്തിന്റെ ചുമതലയുണ്ടായിരുന്ന ഡോ. രേഖ വാർഡിലെത്തുകയും കൂടിയിരുന്ന ബന്ധുക്കളോട് മുറിവിട്ട് പോകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇതിൽ നീരസം പ്രകടിപ്പിച്ച കൊച്ചുകുഞ്ഞ് വാക്കേറ്റത്തിനു ശേഷം കുട്ടിയേയുംകൊണ്ട് പുറത്തുപോയി. സംഭവത്തിൽ പ്രകോപിതരായ ബന്ധുക്കൾ ഡോക്ടറോട് തട്ടിക്കയറുകയും അസഭ്യം പറഞ്ഞ് ആക്ഷേപിക്കുകയും കയ്യിൽ കടന്നുപിടിച്ച് അപമാനിക്കാൻ ശ്രമിക്കുകയും വാർഡിലെ പ്ലാസ്റ്റിക് കസേരകൾ അടിച്ചുപൊട്ടിക്കുകയുമാണുണ്ടായത്. ഡോക്ടറുടെ

പരാതിപ്രകാരം കൊച്ചുകുഞ്ഞിനേയും കണ്ടാലറിയാവുന്ന മറ്റ് പത്ത് പേരേയും പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്യുകയും മൂന്ന് പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**2) തവനൂരിൽ പോലീസ് സ്റ്റേഷൻ**

ഡോ. കെ. ടി. ജലീൽ : ക്രമസമാധാനപാലന സംവിധാനം ശക്തിപ്പെടുത്തുന്നതിനും ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിനുമായി തവനൂരിൽ കൂട്ടായി കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : മംഗലം പഞ്ചായത്തിൽനിന്നും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കൂട്ടായി കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതാണ്.

**3) സംഭരിച്ച നെല്ലിന് നൽകേണ്ട കുടിശ്ശിക തുക**

ശ്രീ. പി. എ. മാധവൻ : നെല്ല് സംഭരിച്ച വകയിൽ സംസ്ഥാനത്തെ നെൽകർഷർക്ക് നൽകാനുള്ള കുടിശ്ശികത്തുക അടിയന്തിരമായി ലഭ്യമാക്കാനും സംഭരണസമയത്തുതന്നെ വില നൽകാനുള്ള ഭാവി പരിപാടി ആസൂത്രണം ചെയ്യാനും നടപടികൾ സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : നെൽകർഷകർക്ക് നെല്ല് സംഭരിച്ച വകയിൽ 118 കോടി രൂപയോളം കുടിശ്ശികയുണ്ട്. തൃശ്ശൂർ ജില്ലയിൽ മാത്രം 2010 ഡിസംബർ മുതൽ 2011 ജൂൺ വരെ 78 കോടി രൂപ നൽകാനുള്ളതിൽ 49 കോടി രൂപ നൽകിയിട്ടുണ്ട്. സപ്ലൈകോ 100 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് എടുത്ത് കുടിശ്ശിക തീർക്കുകയും ഗവൺമെന്റ് 25 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കുടിശ്ശികത്തുക എത്രയും പെട്ടെന്ന് കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 4) അംഗൻവാടി ഹെൽപ്പർ, വർക്കർ തസ്തികകളിലേയ്ക്കുള്ള നിയമനം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : എം.എൽ.എ.മാരെ കൂടി ഉൾപ്പെടുത്തി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് കമ്മ്യൂണൽ റൊട്ടേഷൻ കൃത്യമായി പാലിച്ചുകൊണ്ട് അംഗൻവാടി വർക്കർ, ഹെൽപ്പർ തസ്തികകളിലേയ്ക്കുള്ള നിയമനം നടത്താൻ നടപടി ഉണ്ടാകണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ.എം.കെ. മുനീർ): അംഗൻവാടി ഹെൽപ്പർ, വർക്കർ തുടങ്ങിയ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് സെലക്ഷൻ കമ്മിറ്റി മുഖേന ലിസ്റ്റ് തയ്യാറാക്കുമ്പോഴും നിയമനം നടത്തുമ്പോഴും പി.എസ്.സി. ക്ലാസ് 4 ജീവനക്കാരുടെ നിയമനത്തിന് സ്വീകരിച്ചുവരുന്ന സാമുദായിക സംവരണ മാനദണ്ഡം പാലിച്ചിരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. പി.എസ്.സി.യുടെ നിയമന രീതി അംഗവൻവാടികളുടെ നിയമനത്തിന് പ്രായോഗികമല്ലാത്തതുകൊണ്ട് സംവരണ തത്വപ്രകാരം നിയമനം നടത്താൻ ചില ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. സെലക്ഷൻ കമ്മിറ്റി പുതിയ രീതിയിൽ രൂപീകരിക്കുന്നതിനുവേണ്ടി സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 5) കെ.എസ്.ആർ.ടി.സി. ബസ്സുകൾ

ശ്രീ. എ.കെ. ശശീന്ദ്രൻ: ഏലത്തൂർ നിയോജകമണ്ഡലത്തിൽ കോഴിക്കോട്-കക്കോടി-കുന്നമംഗലം, കോഴിക്കോട്-ബാലുശ്ശേരി-കുറുമ്പയിൽ, കോഴിക്കോട്-നന്മണ്ട-ചീക്കിലോട് എന്നീ റൂട്ടുകളിൽ ലാഭകരമായി ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ പുനരാരംഭിച്ച് യാത്രാക്ലേശം പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്‍): കോഴിക്കോട് ജില്ലയിലെ കോഴിക്കോട്-കക്കോടി-കുന്നമംഗലം, കോഴിക്കോട് -ബാലുശ്ശേരി-കുറുമ്പയില്‍, കോഴിക്കോട്-നന്മണ്ട-ചീക്കിലോട് എന്നീ ബസ്റൂട്ടുകള്‍ 10 വര്‍ഷം മുമ്പ് നിര്‍ത്തിവച്ചവയാണ്. വേണ്ടത്ര ഡ്രൈവര്‍മാരുടേയും ബസ്സുകളുടേയും കുറവാണ് കെ.എസ്.ആര്‍.ടി.സി ഇപ്പോള്‍ നേരിടുന്ന പ്രധാന പ്രശ്നം. പി.എസ്.സി. മുഖേന ഡ്രൈവര്‍മാരെ റിക്രൂട്ട് ചെയ്യുന്നതിന് കാലതാമസം വരുമെന്നതിനാല്‍ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികള്‍ ആരംഭിച്ചിട്ടുണ്ട്. 100 ദിന കര്‍മ്മ പരിപാടിയില്‍ ഉള്‍പ്പെടുത്തി ഇപ്പോള്‍ വര്‍ക്ക്ഷോപ്പില്‍നിന്ന് പുറത്തിറക്കിക്കൊണ്ടിരിക്കുന്ന ബസ്സുകള്‍ ഉപയോഗിച്ച് പ്രസ്തുത റൂട്ടുകളിലേയ്ക്ക് സര്‍വ്വീസ് നടത്തുവാന്‍ നിര്‍ദ്ദേശം നല്‍കുന്നതാണ്.

**6) പാലം നിര്‍മ്മാണം**

ശ്രീ. കെ. ശിവദാസന്‍ നായര്‍: തോട്ടപ്പുഴശ്ശേരി -ആറന്മുള പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് പമ്പാനദിയുടെ കുറുകെ പാലം നിര്‍മ്മിക്കുന്നതിനു വേണ്ട അടിയന്തിര നടപടികള്‍ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): ഗതാഗത സൗകര്യം വര്‍ദ്ധിപ്പിക്കുന്നതിനും കോട്ടയത്തു നിന്നും പന്തളം വരെ നിലവിലുള്ള യാത്രാദൂരത്തില്‍ 15 കി.മീ. ലാഭിക്കുന്നതിനും ഉതകുന്ന തരത്തില്‍ ആറന്മുള ആഞ്ഞിലിമൂട്ടില്‍കടവില്‍ ഒരു പാലം നിര്‍മ്മിക്കുന്നതിന് വേണ്ടി ഭരണാനുമതി നല്‍കുന്ന കാര്യം സര്‍ക്കാര്‍ പരിഗണിക്കുന്നതാണ്.

## 7) വടക്കാഞ്ചേരി-ബസാർ റോഡ്, വടക്കാഞ്ചേരി-കിഴക്കഞ്ചേരി റോഡ് എന്നിവയുടെ വികസനം

ശ്രീ. എ.കെ. ബാലൻ: പാലക്കാട് ജില്ലയിലെ തരൂർ മണ്ഡലത്തിൽപ്പെടുന്ന വടക്കാഞ്ചേരി-ബസാർ റോഡും വടക്കാഞ്ചേരി-കിഴക്കഞ്ചേരി റോഡും ബിറ്റുമിൻ മെക്കാഡം & ബിറ്റുമിൻ കോൺക്രീറ്റ് ശൈലി അവലംബിച്ച് അടിയന്തിരമായി വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പാലക്കാട് ജില്ലയിലെ തരൂർ മണ്ഡലത്തിൽപ്പെടുന്ന വടക്കാഞ്ചേരി-ബസാർ റോഡ്, വടക്കാഞ്ചേരി-കിഴക്കഞ്ചേരി റോഡ് എന്നിവ ബി.എം. ആന്റ് ബി.സി. ഉപയോഗിച്ച് വികസിപ്പിക്കുന്നതിന് ഏകദേശം 250 ലക്ഷം രൂപ വീതം ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് റോഡുകൾ ഏറ്റെടുക്കുന്നതാണ്.

## 8) ടോൾ പിരിവ്

പ്രൊഫ. സി. രവീന്ദ്രനാഥ്: പുതുതായി നിർമ്മിച്ച ദേശീയപാതകൾ സ്വകാര്യവത്ക്കരിക്കരുതെന്നും എൻ.എച്ച്-47 -ൽ എല്ലാ പണികളും പൂർത്തീകരിച്ചതിനുശേഷം മാത്രമേ ടോൾ പിരിവ് ആരംഭിക്കാവൂവെന്നും സ്കൂൾ ബസ്സുകളേയും ഹ്രസ്വദൂര ബസ്സുകളേയും ടോൾ പിരിവിൽനിന്നും ഒഴിവാക്കണമെന്നും ടോൾ പ്ലാസ സ്ഥിതിചെയ്യുന്ന നെന്മണിക്കര പഞ്ചായത്തിനെ ടോൾ പിരിവിൽനിന്നും ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാർ നാഷണൽ ഹൈവേ അതോറിറ്റിയെ അറിയിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുമായും കൺസഷണർ കമ്പനിയുമായും ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണ് ടോൾ പ്ലാസയിൽ യൂസർ ഫീ നിശ്ചയിച്ചിരിക്കുന്നത് എന്നതിനാൽ ഇത് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്ന തിനോ സംസ്ഥാന ഗവൺമെന്റിന് സാധിക്കുകയില്ല. എന്നാൽ ടോൾ ആക്ട് പ്രകാരം ലഭ്യമാക്കാവുന്ന ഇളവുകൾ പ്രാബല്യത്തിൽ വരുത്താൻ ശ്രമിക്കുന്ന താണ്.

**9) കരമന - കളിയിക്കാവിള റോഡ് നാലുവരിയാക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. വി. ശിവൻകുട്ടി: കരമന - കളിയിക്കാവിള റോഡ് നാലുവരി പാതയായി വികസിപ്പിക്കുന്നതിനും ബസ്ബേകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കരമന-കളിയിക്കാവിള ദേശീയപാതയിൽ കരമന പാലം മുതൽ വഴിമുക്ക് വരെയുള്ള 12 കി.മി. ഭാഗത്തെ സ്ഥലമെടുപ്പിനുവേണ്ടി 100 കോടി രൂപയുടെ അനുമതി നൽകുകയും പ്രസ്തുത ഭാഗത്തെ അലൈൻമെന്റ് പ്ലാൻ നാഷണൽ ഹൈവേ വിഭാഗം ചീഫ് എഞ്ചിനിയർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കരമന-കളിയിക്കാവിള ദേശീയപാതാവികസനവുമായി ബന്ധപ്പെട്ട് സർവ്വേ അന്റ് ബൗണ്ടറീസ് ആക്ട് 6(1) നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള നടപടികൾ പൂർത്തിയായിവരുന്നു. അതിർത്തി നിർണ്ണയിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡ് നാലുവരിപ്പാതയായി വികസിപ്പി ക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്. സർക്കാർ ഭൂമി ലഭ്യമാണെ

ങ്കിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ബസ്സ്ബേകൾ നിർമ്മിക്കേണ്ട താണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## 10) എൻഡോസൾഫാൻ ഉപയോഗിച്ചതിന്റെ ദുരന്തഫലങ്ങൾ

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: കാർഷികമേഖലയിൽ എൻഡോ സൾഫാൻ പൂർണ്ണമായി നിരോധിക്കാനും ഇതുമായി ബന്ധപ്പെട്ട് ദുരിത മനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കാനും ചികിത്സാ സൗകര്യങ്ങ ളുൽപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): എൻഡോസൾഫാൻ വിഷബാധമൂലം മരണ മടഞ്ഞവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ദുരിതബാധിതർക്ക് ചികിത്സാസൗകര്യങ്ങൾക്കും പുനരധി വാസത്തിനും പ്രദേശത്തെ ആശുപത്രികളുടെ നവീകരണത്തിനും താൽക്കാലിക ജീവനക്കാർക്കുള്ള ചെലവിനുമായി ആരോഗ്യ വകുപ്പ് ഡയറ ക്ടർക്ക് ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പരിശോധനയിൽ അവിടത്തെ മണ്ണിൽ എൻഡോസൾഫാൻ കലർന്നിട്ടുള്ള തായി കാണുന്നില്ല. തൊഴിലെടുക്കാനാവാത്ത ദുരിതബാധിതർക്ക് മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രതിമാസം രണ്ടായിരം രൂപയും രോഗികളായവർക്ക് ആയിരം രൂപയും കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി ധനസഹായം നൽകിവരുന്നു. ദുരിതബാധിതരായ കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ സഹായമായി 7-ാം ക്ലാസ് വരെ ആയിരം രൂപയും ഏഴ് മുതൽ പത്ത് വരെ രണ്ടായിരം രൂപയും പ്ലസ് വൺ പ്ലസ് ടു കുട്ടികൾക്ക് 2500 രൂപയും ധനസഹായം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. സർക്കാരിന്റെ

എൻഡോസൾഫാൻ ദുരിതാശ്വാസ നിധിയിലേയ്ക്ക് പ്ലാന്റേഷൻ കോർപ്പറേഷൻ 5 കോടി രൂപ നൽകിയിട്ടുണ്ട്. കാസർഗോഡ് എസ്റ്റേറ്റുകളിലുണ്ടാകുന്ന തൊഴിലാളികളുടെ ഒഴിവുകളിൽ 25 ശതമാനം ദുരിതബാധിതരുടെ ആശ്രിതർക്ക് നീക്കിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ദുരന്തം ആവർത്തിക്കാതിരിക്കാൻ കാസർഗോഡ് ജില്ലയെ ജൈവ കാർഷിക ജില്ലയായി പ്രഖ്യാപിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. 11 ആശുപത്രികളിൽ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് സൗജന്യ റേഷൻ നൽകിവരുന്നുണ്ട്. ഇക്കാര്യത്തിൽ ആരോഗ്യ-സാമൂഹ്യക്ഷേമ-കാർഷിക വകുപ്പുകൾ ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. എൻഡോസൾഫാൻ ഉപയോഗം പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്.

**റൂളിംഗ്**

**അംഗങ്ങൾക്കുള്ള കവറിൽ ചോദ്യങ്ങൾ ഇല്ലാതിരുന്നത് സംബന്ധിച്ച്**

മി. സ്പീക്കർ: ചോദ്യോത്തര സമയത്ത് ഇന്നത്തെ ചോദ്യങ്ങൾ കവറിലില്ലാതിരുന്നത് സംബന്ധിച്ച് പരാമർശിക്കപ്പെട്ടിരുന്നു. പ്രിന്റ് ചെയ്ത ചോദ്യങ്ങളുടെ കോപ്പികൾ അംഗങ്ങൾക്ക് നേരത്തെ ലഭ്യമാക്കുക എന്ന നിയമസഭാ ചട്ടങ്ങളും നടപടിക്രമങ്ങളും പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മൂന്ന് ദിവസം മുമ്പ് അംഗങ്ങൾക്ക് വിതരണം ചെയ്യാവുന്നതാണ്. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ കോപ്പികൾ ചോദ്യം സഭയിൽ വരുന്ന ദിവസം സഭയ്ക്കകത്തുകൂടി അംഗങ്ങൾക്ക് വിതരണം ചെയ്യണമെന്നതനുസരിച്ച് ഇന്ന് വിതരണം ചെയ്തിരുന്നു. 29-6-2011-ലെ ചോദ്യങ്ങൾ 25-6-2011-ൽ പ്രത്യേകം കവറായി നൽകിയിട്ടുണ്ട്. അംഗങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ തലേദിവസത്തെ കവറിൽ കൂടി ചോദ്യങ്ങളുടെ കോപ്പി നൽകുവാൻ

പ്രത്യേക നിർദ്ദേശം നൽകുന്നതാണ്. ഇത് സംബന്ധിച്ച് അംഗങ്ങൾക്ക് പരാതി യുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്.

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച**

(തുടർച്ച)

ശ്രീ. എ.കെ. ബാലൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. മുൻ ഗവൺമെന്റിന്റെ ജനോപകാരപ്രദമായ നടപടികൾ യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ട് കൊണ്ടുപോകുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനമനസ്സിൽ മുൻ ഗവണ്മെന്റ് സ്ഥാനം പിടിച്ചിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലെത്തുമ്പോൾ കാലിയായിരുന്ന ഖജനാവിൽ ഇപ്പോൾ 3000 കോടി രൂപയാണുള്ളത്. കോടി ക്കണക്കിന് രൂപയാണ് ഓരോ മണ്ഡലത്തിലും എം.എൽഎ. മാർ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്. പശ്ചാത്തല മേഖലയിൽ ഇത്ര ത്തോളം വികസനപ്രവർത്തനങ്ങൾ നടന്ന കാലഘട്ടം മുമ്പുണ്ടായിട്ടില്ല. പതിനായിരം കോടി രൂപ വിവിധ മേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ചെലവഴിച്ചു. വിലക്കയറ്റം പിടിച്ചുനിർത്താനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും മുൻ ഗവണ്മെന്റിന് കഴിഞ്ഞു. മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതുൾപ്പെടെ എല്ലാ മേഖലകളും സ്തംഭനാവസ്ഥ യിലായിരുന്നു. ഭൂമിക്കുവേണ്ടി ആദിവാസികൾ നടത്തിയ പോരാട്ടത്തെ അടിച്ചമർത്തുകയാണുണ്ടായത്. തൊഴിലാളികൾ വ്യവസായത്തോടും കൃഷിക്കാർ ഭൂമിയോടും പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തോടും വിടപറയുന്ന സ്ഥിതിയായിരുന്നു. കഴിഞ്ഞ

ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കാനും രണ്ട് രൂപയ്ക്ക് അരി നൽകാനും കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മൂന്നായി വിഭജിച്ചതിലൂടെ അധികാരവും ജനങ്ങളും തമ്മിലുള്ള അകലം വർദ്ധിച്ചിരിക്കുകയാണ്. 'അതിവേഗം ബഹുദൂരം' എന്നുള്ള ആശയം നടപ്പാകണമെങ്കിൽ പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരമുണ്ടാക്കണം. മാനദണ്ഡങ്ങൾ ലംഘിച്ച് പോലീസ് സേനയിൽ നടത്തിക്കൊണ്ടിരിക്കുന്ന സ്ഥലംമാറ്റം പരിശോധിക്കണം. പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കണം. വിദ്യാർത്ഥി സമരങ്ങളെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുന്നത് അവസാനിപ്പിക്കണം. നൂറ് ദിന പരിപാടി സംബന്ധിച്ച വാഗ്ദാനങ്ങൾ സമൂഹത്തിന് പ്രയോജനപ്രദമാകണം. റീ-സർവ്വേ നടത്തി ആദിവാസി കൾക്ക് നഷ്ടപ്പെട്ട ഭൂമി തിരികെ ലഭ്യമാക്കണം.

ശ്രീ. ജോസഫ് വാഴക്കൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രതിബദ്ധതയോടുകൂടി മാനുഷിക പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. എൻഡോ സൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് മുൻഗണന കൊടുത്തു. മൂലംപിള്ളി പ്രശ്നം 24 മണിക്കൂർ കൊണ്ട് പരിഹരിച്ചു. കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, വിഴിഞ്ഞം ഹാർബർ തുടങ്ങിയ പദ്ധതികൾ പുനരുജ്ജീവിപ്പിച്ചു. കൂട്ടുത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു സർക്കാരാണിത്. സ്വാശ്രയ മേഖലയിൽ നീതി നടപ്പിലാക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കീടനാശിനി നിരോധിച്ചതുമൂലം പൈനാപ്പിൾ കയറ്റുമതി ചെയ്യാൻ കഴിയാത്ത

സാഹചര്യവും കാർഷിക മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ചും പഠനം നടത്തണം. ഈ സർക്കാർ കൃത്യമായ ദിശാബോധത്തോടുകൂടിയാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. സി. ദിവാകരൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ സർക്കാർ അഴിമതി വിമുക്തമാണെന്ന് പറയാനുള്ള ധാർമ്മിക അവകാശം എന്താണെന്ന് വ്യക്തമാക്കണം. ഈ മന്ത്രിസഭയിൽ കുറ്റാരോപണ വിധേയരാകാത്ത എത്ര പേരുണ്ടെന്ന് പരിശോധിക്കണം. ബി.പി.എൽ കുടുംബങ്ങൾക്ക് വരുന്ന ഓണം മുതൽ ഒരു രൂപയ്ക്ക് അരി കൊടുക്കുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ വ്യക്തതയുണ്ടാകണം. എസ്സൻഷ്യൽ കമ്മോഡിറ്റീസ് 50 ശതമാനം വിലക്കുറവിൽ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതും കോഴി വിതരണവും കാലിത്തീറ്റ സബ്സിഡിയും എൽ.ഡി.എഫ് ഗവൺമെന്റിന്റെ സംഭാവനകളാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഇല്ലാതാക്കുന്നതിനും പൊതു വിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും പാചക വാതകത്തിന് വില കുറയ്ക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. മോയിൻകുട്ടി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അഴിമതിക്കെതിരെ ആർജ്ജവത്തോടുകൂടി ഈ സർക്കാർ പോരാടും. നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറിയിരുന്ന കേരളത്തിന് കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് 77000 കോടി രൂപയുടെ കടമാണ് ഉണ്ടായത്. വിഴിഞ്ഞം പദ്ധതിയും മലയോര ഹൈവേ പദ്ധതിയും പൂർത്തിയാക്കുന്നതിനോ രാഷ്ട്രപതിയുടെ പത്തിന പരിപാടികൾ നടപ്പാക്കുന്നതിനോ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ്

സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. വിവിധ ലോബികളിലൂടെ മാഫിയാ സംഘങ്ങൾ കൊള്ളയടിച്ച കോടിക്കണക്കിന് രൂപ തിരിച്ചുപിടിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പ്രവാസികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി വിവിധ ക്ഷേമ പദ്ധതികൾക്ക് ആരംഭം കുറിച്ചു. മലയാള ഭാഷയ്ക്കുവേണ്ടി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനും കായികതാരങ്ങൾക്കായി കേരളാ സ്റ്റേറ്റ് സ്പോർട്ട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞു. എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു. മൂന്നാർ തർക്കഭൂമിയിലെ കെട്ടിടങ്ങൾ പൊതുമുതലാക്കി മാറ്റുമെന്ന ഈ സർക്കാരിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞ സർക്കാരിന് കഴിഞ്ഞില്ല. മൂലംപിള്ളി പാക്കേജ് നടപ്പിലാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. ജനക്ഷേമകരമായ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വ്യക്തമായ കാഴ്ചപ്പാടോടെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കർഷക കടാശ്വാസം അർഹതപ്പെട്ടവർക്ക് നൽകാനുള്ള നടപടി സ്വീകരിക്കണം. ഡീസലിന്റെ വില വർദ്ധിപ്പിച്ചതിലൂടെ സംസ്ഥാനത്തിന് ലഭിക്കേണ്ട അധികനികുതി വേണ്ടെന്നുവയ്ക്കാൻ തീരുമാനിച്ച സർക്കാർ നടപടി ശ്ലാഘനീയമാണ്. അപേക്ഷിക്കുന്ന ദിവസംതന്നെ റേഷൻ കാർഡ് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. ഈ ഗവൺമെന്റ് ജനങ്ങളെ വിശ്വാസത്തിലെടുത്ത് ഒറ്റക്കെട്ടായി പ്രവർത്തിക്കും.

<u>ശ്രീ. മാത്യു ടി. തോമസ്</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. നയമില്ലായ്മയാണ് ഈ സർക്കാരിന്റെ മുഖമുദ്ര. പ്രകടനപത്രികയിലെ പല വാഗ്ദാനങ്ങളും നയപ്രഖ്യാപന പ്രസംഗത്തിലില്ല. ബി.പി.എൽ. കുടുംബ ങ്ങൾക്ക് ഒരു രൂപ നിരക്കിൽ പ്രതിമാസം 25 കിലോഗ്രാം അരി എന്ന് വിതരണം ചെയ്യുമെന്നും രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നതിനെ സംബന്ധിച്ചും വ്യക്തമാക്കണം. കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക സഹായം നൽകുമെന്ന് പ്രഖ്യാപിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിച്ചിട്ടില്ല. പോലീസിനെ ജനപ്രിയ പോലീസാക്കി മാറ്റാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം പോലീസ് നയത്തിൽ മാറ്റം വന്നതിനെത്തുടർന്ന് പോലീസ് നരനായാട്ട് നടത്തുകയാണ്. വികസനപ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും മരവിപ്പിക്കുന്ന സർക്കാരാണിത്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരള ജനതയുടെ അംഗീകാരവും പ്രശംസയും നേടിയെടുക്കാൻ ഒരു മാസത്തെ ഭരണം കൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ബുദ്ധിമുട്ടേറിയ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞത് ശ്ലാഘനീയമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഇനിയുള്ള ഭരണകാലയള വിൽ ലോകത്തിനുതന്നെ മാതൃകയാകുന്ന ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ കഴിയും. എൽ.ഡി.എഫ്. ഭരണം സംസ്ഥാനത്തിന്റെ വികസന മുരടിപ്പിനും പൊതുവിദ്യാഭ്യാസ മേഖലയുടെ തകർച്ചയ്ക്കുമാണ് വഴിവച്ച തെന്നതിനാൽ ഈ രീതിക്ക് മാറ്റം വരണം. ഭരണത്തിലിരിക്കുമ്പോൾ സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കാതെ ഇപ്പോൾ വിദ്യാർത്ഥികളെ

തെരുവിലിറക്കി സമരം ചെയ്യിപ്പിക്കുന്ന ഇടതുപക്ഷത്തിന്റെ സമീപനം തികച്ചും പരിഹാസ്യമാണ്. മൂലംപിള്ളിയിൽ കുടിയിറക്കപ്പെട്ടവരുടെ പ്രശ്നപരിഹാരത്തിനുവേണ്ടി എടുത്ത നടപടികളും എൻഡോസൾഫാൻ ദുരിത ബാധിതർക്ക് അർഹമായ ധനസഹായം എത്തിക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. കൊച്ചി മെട്രോ റെയിൽ പദ്ധതി, സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം എന്നിവ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതും മലയാളം ഒന്നാം ഭാഷയായി അംഗീകരിച്ചതും ശ്ലാഘനീയമാണ്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് അരി നൽകാനുള്ള പദ്ധതി, ക്യാൻസർ, കിഡ്നി രോഗബാധിതർക്ക് 70,000 രൂപ വരെ ലഭിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഇവയെല്ലാം പ്രശംസനീയമാണ്. കർഷർക്ക് പുതിയ വായ്പാനയം, രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം, ശബരി മലയിലേയ്ക്കുള്ള പ്രധാനറോഡുകളുടെ പണി പൂർത്തിയാക്കൽ തുടങ്ങിയ തീരുമാനങ്ങൾ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിന് മികവേകുന്നു. കേരളം ആഗ്രഹിക്കുന്ന തരത്തിലുള്ള വികസനത്തിന് കക്ഷിരാഷ്ട്രീയ ഭേദമെന്യേ എല്ലാവരുടേയും സഹകരണം ആവശ്യമാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. സ്വാശ്രയ മേഖലയിലെ പ്രശ്നത്തിന് പരിഹാരം കാണേണ്ടതിനുപകരം അതിനെ തിരെയുള്ള വിദ്യാർത്ഥി സമരം അടിച്ചമർത്തുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഗവൺമെന്റിന് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കണമെങ്കിൽ പക്വതയോടെയും സമന്വയത്തോടെയുമുള്ള നിലപാട് സ്വീകരിക്കണം. തെരഞ്ഞെടുപ്പിന്റെ വിജയലഹരിയിൽനിന്ന് യാഥാർത്ഥ്യത്തിലേയ്ക്ക് വരാൻ ഗവൺമെന്റ് തയ്യാറാകണം. സ്വാശ്രയ

മേഖലയിൽ ഒരു വ്യവസ്ഥയും മാനദണ്ഡവും പാലിക്കാതെ കോളേജുകൾ അനുവദിക്കുന്ന നടപടി പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കും.

ശ്രീ. കെ.എം. ഷാജി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. 'അതിവേഗം ബഹുദൂരം' എന്ന ആശയത്തിലുള്ള സർക്കാരിന്റെ വികസന പരിപാടികൾ സന്തുലിതമായിരിക്കണം. പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ടുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കണ്ടൽകാടുകളെ സംരക്ഷിക്കുന്നതിനായി പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം. വികസന പദ്ധതികൾക്കായി സ്ഥലം വിട്ടുനൽകുന്ന ആളുകളെ ശരിയായ രീതിയിൽ പുനരധിവസിപ്പി ക്കാൻ നടപടികൾ സ്വീകരിക്കണം. മൂലംപിള്ളി പുനരധിവാസ പാക്കേജ് പ്രശംസനീയമാണ്. ചെങ്ങറയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം അവിടത്തെ പാവപ്പെട്ട ആദിവാസികളെ സംരക്ഷിക്കുന്നതിനും നടപടി സ്വീക രിക്കണം. വയനാട് ജില്ലയിലെ ആദിവാസി പണിയർ വിഭാഗത്തിന് സംവരണം ഏർപ്പെടുത്തണം. അഴിമതിക്കെതിരായ പ്രഖ്യാപനം പ്രശംസനീ യമാണ്. തീവ്രവാദം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. ടി. എ. റഹീം : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണർ നടത്തിയ പ്രസംഗത്തിൽ ന്യൂനപക്ഷ ക്ഷേമത്തെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. മലയാളം ഒന്നാം ഭാഷയാക്കുമെന്ന പ്രഖ്യാപനം നടപ്പി ലാക്കണം. പാലോളി കമ്മിറ്റിയുടെ ശുപാർശകളെല്ലാം നടപ്പിലാക്കുന്നതിന് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ക്രമസമാധാനനില മോശമായിരുന്നുവെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കുന്നുണ്ടെങ്കിലും മുൻ യു.ഡി.എഫ്.

ഭരണകാലത്ത് അതിനേക്കാൾ മോശം ആയിരുന്നുവെന്നാണ് മാറാട് സംഭവത്തെക്കുറിച്ചുള്ള കമ്മീഷൻ റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനന-മരണ നിരക്കുകൾ തമ്മിലുള്ള അന്തരം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ സംസ്ഥാനം നേരിടാൻ പോകുന്ന ഗൗരവതരമായ പ്രശ്നമാണ് വൃദ്ധജനസംഖ്യയിൽ വന്നിട്ടുള്ള വർദ്ധനവ്. പ്രായമായവരുടെ സംരക്ഷണത്തിനും സഹായത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. വൃദ്ധജനങ്ങളെയും വിധവകളെയും സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിൽ അവർക്ക് അർഹമായ പരിഗണന നൽകുന്നതിനും ശ്രമങ്ങൾ ഉണ്ടാകണം.

ശ്രീമതി ഗീതാ ഗോപി: നന്ദിപ്രമേയത്തെ എതിർക്കുന്നു. മുൻ സർക്കാരിന്റെ പരിപാടികൾ ആവർത്തിച്ചും അന്നത്തെ ജനക്ഷേമ പദ്ധതികൾ ഒഴിവാക്കിയുമുള്ള നയപ്രഖ്യാപനം യു.ഡി.എഫ്. സർക്കാരിന്റെ നയവൈകല്യങ്ങളുടേയും ജനവിരുദ്ധസമീപനങ്ങളുടേയും ഉത്തമ ഉദാഹരണ മാണ്. ഇല്ലാത്ത സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ക്ഷേമാനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കാനുള്ള ശ്രമമാണ് നടക്കുന്നത്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ പദ്ധതികൾ ഈ നയപ്രഖ്യാ പനത്തിലില്ല. വിവിധ ക്ഷേമ പെൻഷനുകളെക്കുറിച്ച് ഒന്നുംതന്നെ നയപ്ര ഖ്യാപനത്തിൽ പ്രതിപാദിച്ചിട്ടില്ല. പഞ്ചായത്ത്രാജ്-മുനിസിപ്പാലിറ്റി നിയമ ങ്ങൾ ഭേദഗതി ചെയ്യുമെന്ന് പ്രഖ്യാപിച്ചതിലൂടെ അധികാര വികേന്ദ്രീകരണ പ്രക്രിയ അട്ടിമറിക്കപ്പെടുമെന്ന് വ്യക്തമാണ്. തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്നായി വെട്ടിമുറിച്ച് പുതിയ അധികാര കേന്ദ്രങ്ങളുണ്ടാക്കുന്ന നടപടി

ശരിയല്ല. സാമ്പത്തിക വളർച്ചയുടെ മുന്നേറ്റത്തിന് സഹായകരമായ ഒരു നിർദ്ദേശവും ഇതിലില്ല. കേരളത്തിന്റെ പൊതു വിദ്യാഭ്യാസ മേഖലയിലും ഉന്നത വിദ്യാഭ്യാസ രംഗത്തും പുരോഗമനപരമായ ഒരു നയവും പ്രഖ്യാപി ച്ചിട്ടില്ല. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്ന് പറ യുന്നുണ്ടെങ്കിലും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല. ജനിക്കുന്ന ഓരോ കുഞ്ഞിന്റേയും പേരിൽ സ്ഥിരം നിക്ഷേപം, മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസ ക്ഷേമ പദ്ധതി തുടങ്ങി കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന ക്ഷേമപദ്ധതികളെക്കുറിച്ച് ഈ നയപ്രഖ്യാപനത്തിൽ ഒന്നും പറഞ്ഞിട്ടില്ല. സ്ത്രീ സമൂഹത്തിനുവേണ്ടിയുള്ള നയപ്രഖ്യാപനത്തിലെ പരാമർശങ്ങൾ സ്ത്രീകളെ അവഗണിക്കുന്ന തരത്തിലുള്ളതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പുതിയ ഗവൺമെന്റ് ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന് പ്രവർത്തിക്കുമെന്ന തിന്റെ തെളിവാണ് 41 ദിവസംകൊണ്ട് സുപ്രധാനമായ 51 തീരുമാനങ്ങളെ ടുത്ത നടപടി. സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുവേണ്ടി ഏതറ്റം വരെയും പോകുമെന്ന പ്രഖ്യാപനം ഈ സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധ തയും ഇച്ഛാശക്തിയും വ്യക്തമാക്കുന്നതാണ്. സ്വാശ്രയ മേഖലയിലെ പ്രശ്ന പരിഹാരത്തിന് പ്രതിപക്ഷത്തിന്റെകൂടി സഹകരണം അഭ്യർത്ഥിച്ചത് പക്വമതി യായ ഒരു ഭരണാധികാരിയുടെ തീരുമാനമാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കുന്നത് ജനങ്ങളോടുള്ള പ്രതിബദ്ധതയുടെ തെളിവാണ്. വിദ്യാഭ്യാസ-സാമൂഹ്യ-ആരോഗ്യ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കുന്ന പ്രഖ്യാപനങ്ങളാണ് നയപ്രഖ്യാപനപ്രസംഗത്തിലുള്ളത്. ജനസംഖ്യാനുപാതികമായി വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരോഗ്യ

കേന്ദ്രങ്ങളും അനുവദിക്കേണ്ടതുണ്ട്. മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ പുതിയ ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മലപ്പുറം നിയോജക മണ്ഡലത്തിൽ ഒരു വനിതാ കോളേജ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ലെന്നു മാത്രമല്ല ആരോഗ്യരംഗം തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. പി.എച്ച്.സി.കളിൽ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യം ഏർപ്പെടുത്തണം. ഘട്ടംഘട്ടമായി മദ്യം നിരോധിക്കുന്ന നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അധികാരത്തിൽ വന്ന് ഒരു മാസത്തിനകംതന്നെ സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിച്ചു. പിൻവാതിൽ നിയമനം നടത്തിക്കൊണ്ട് പി.എസ്.സി.യെ നോക്കുകുത്തിയാക്കുന്ന സമീപനമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ കഴിഞ്ഞ ആറ് വർഷക്കാലത്തിനിടയ്ക്ക് നിയമനം ലഭിച്ച മൂവായിരത്തോളം വരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അഴിമതി രഹിതവും സുതാര്യവുമായ ഭരണമാണ് ഈ ഗവൺമെന്റ് കാഴ്ച്ചവയ്ക്കുന്നത്. മന്ത്രിമാരുടേയും പേഴ്സണൽ സ്റ്റാഫിന്റേയും സ്വത്ത് വിവരം പ്രഖ്യാപിക്കുമെന്ന വെളിപ്പെടുത്തൽ പരക്കെ സ്വാഗതം ചെയ്യപ്പെടുകയാണ്. പൊതുമേഖലയെ ശക്തിപ്പെടുത്തുന്ന തീരുമാനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകണം. സ്വാശ്രയ മാനേജ്മെന്റിനോടൊപ്പം ചേർന്ന് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പരിയാരം മെഡിക്കൽ കോളേജ് മാനേജ്മെന്റ് ജനങ്ങളെ കൊള്ളയടിക്കുന്നത് വേദനാജനകമാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മലയാളം ഒന്നാം ഭാഷയാക്കാനും മലയാള സർവ്വകലാശാല സ്ഥാപിക്കാനുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. അധികാരമേറ്റ് മണിക്കൂറുകൾക്കകം മൂലംപിള്ളിയിൽ നിന്ന് കുടിയിറക്കപ്പെട്ട പാവങ്ങളുടെ കണ്ണീരൊപ്പാൻ സ്വീകരിച്ച നടപടിയെ അഭിനന്ദിക്കുന്നു. സ്മാർട്ട് സിറ്റി, മെട്രോ റെയിൽ എന്നിവ യാഥാർത്ഥ്യമാക്കുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഒരു ലക്ഷം രൂപ സഹായധനം നല്കിയ ഗവൺമെന്റാണിത്. ആരോഗ്യ-വിദ്യാഭ്യാസ-വ്യാവസായിക-കാർഷിക രംഗങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കേണ്ട ഉത്തരവാദിത്തം ഈ ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് പ്രത്യാശിക്കുന്നു. പൊതുവിദ്യാഭ്യാസം കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കപ്പെടണം. 'സമരവും അനിശ്ചിതത്വവും' എന്നതിൽ നിന്ന് 'ഭരണവും നിശ്ചയദാർഢ്യവും' എന്ന അവസ്ഥയിലേയ്ക്ക് കേരളം മാറിയിരിക്കുകയാണ്. കർമ്മധീരതയും മതേതരത്വവുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. പാവപ്പെട്ടവർക്ക് ഓണത്തിന് മുമ്പായി ഒരു രൂപയ്ക്ക് അരി നൽകുമെന്നുള്ള വാഗ്ദാനം പാലിക്കപ്പെടണം. സമയബന്ധിതമായി സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. കഴിഞ്ഞ കാലങ്ങളിൽ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ അനുവർത്തിച്ചുവന്ന നയത്തിന്റെ ഫലമാണ് ഇന്ന് വിദ്യാർത്ഥികൾ അനുഭവിക്കേണ്ടിവരുന്നത്. ഐ.റ്റി.. അറ്റ് സ്കൂൾ എന്നത് ഐ.റ്റി. അറ്റ് എഡ്യൂക്കേഷനായി ഉയർത്തി എല്ലാ വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം നൽകണം. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള പ്രതിഭകളെ പ്രോൽസാഹിപ്പിക്കുന്ന തരത്തിൽ

വ്യവസായനയം രൂപീകരിക്കണം. 42 ദിവസംകൊണ്ട് 55 പരിപാടികളുമായി മുന്നോട്ടു പോകുന്ന ഗവൺമെന്റാണിത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളത്തിലെ കടഭാരത്തിന്റെ ഉത്തരവാദിത്വം കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റേതാണെന്ന് വരുത്താനാണ് യു.ഡി.എഫ്. സർക്കാർ ശ്രമിക്കുന്നത്. കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം പദ്ധതി, മൂലംപിള്ളി പാക്കേജ് തുടങ്ങിയവയുടെ ഉടമസ്ഥാവകാശം ഇപ്പോൾ യു.ഡി.എഫ്. സർക്കാർ അവകാശപ്പെട്ടിരിക്കുകയാണ്. ഈ കാര്യങ്ങളെക്കുറിച്ച് നയപ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടുമില്ല. മരണപ്പെട്ട എൻഡോസൾഫാൻ ബാധിതരുടെ ആശ്രിതർക്ക് ധനസഹായവും രോഗബാധിതർക്ക് 2,000 രൂപ വീതം പെൻഷനും നൽകിയത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ്. ഐ.ടി. മേഖലയിൽ പത്തോളം പാർക്കുകൾ സ്ഥാപിച്ചും ഇൻഫോ പാർക്കിൽ പുതിയ സംരംഭങ്ങൾ ഒരുക്കിയും ഒരു ലക്ഷത്തോളം പേർക്ക് തൊഴിലവസരം ലഭ്യമാക്കിയതും യു.ഡി.എഫ്.-ന്റെ കാലത്ത് കടക്കെണിമൂലം ആത്മഹത്യ ചെയ്ത 1500-ഓളം കൃഷിക്കാരുടെ കടം എഴുതിത്തള്ളിയതും അവരുടെ കുടുംബങ്ങൾക്ക് 50,000 രൂപാ വീതം ധനസഹായം നൽകിയതും പലിശരഹിത വായ്പ അനുവദിച്ചതും നെല്ലിന്റെ താങ്ങുവില 14 രൂപയായി ഉയർത്തിയതും കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റാണ്. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന ജീവൽപ്രശ്നങ്ങളിൽ കഴിവിന്റെ പരമാവധി ഇടപെട്ടിട്ടുണ്ട്. മുൻ സർക്കാർ ചെയ്ത നല്ല കാര്യങ്ങളെ മോശമായി ചിത്രീകരിച്ചുകൊണ്ടാണ് ഈ

ഗവൺമെന്റ് നയപ്രഖ്യാപനപ്രസംഗം തയ്യാറാക്കിയിട്ടുള്ളത്. മലയാളം സർവ്വകലാശാല രൂപീകരിക്കാൻ തീരുമാനിച്ചതിനെ സ്വാഗതം ചെയ്യുന്നു. മറ്റ് സംസ്ഥാനങ്ങളെപ്പോലെ മാതൃഭാഷ ഇവിടെയും അംഗീകരിക്കണമെന്ന തീരുമാനവും നിർദ്ദേശവും വന്നത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. മുൻ സർക്കാർ 2011 ജനുവരി 1-ന് ശേഷമെടുത്ത തീരുമാനങ്ങൾ ഈ ഗവൺമെന്റ് റദ്ദ് ചെയ്യാൻ തീരുമാനിച്ചത് ഭരണഘടനാ വിരുദ്ധമാണ്. എൽ.ഡി.എഫ്. സർക്കാർ എല്ലാ ജനവിഭാഗങ്ങൾക്കും കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി നൽകിയിരുന്നു. ഈ സർക്കാർ ഓണക്കാലത്ത് ബി.പി.എൽ. വിഭാഗത്തിന് മാത്രമായി കിലോയ്ക്ക് ഒരു രൂപ നിരക്കിൽ അരി കൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. വിദ്യാർത്ഥികളെ തല്ലിച്ചതയ്ക്കുന്ന സമീപനം ശരിയല്ല. സംസ്ഥാനത്തൊട്ടാകെ ഇന്ന് 35-ഓളം വിദ്യാർത്ഥികളേയും മാവേലിക്കര എം.എൽ.എ. അടക്കമുള്ള സംഘടനാ നേതാക്കളേയും ക്രൂരമായി മർദ്ദിച്ച പോലീസ് നടപടിയിൽ ശക്തമായ പ്രതിഷേധം അറിയിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മൂലംപിള്ളി പാക്കേജിൽ കഴിഞ്ഞ സർക്കാർ 229 പേർക്ക് പട്ടയം കൊടുക്കാനാണ് തീരുമാനിച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് 326 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കുവാനാണ് തീരുമാനമെടുത്തിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ പാക്കേജ് പ്രകാരം നിശ്ചയിച്ച അയ്യായിരം രൂപ വാടക 13 മാസത്തേത് കൊടുത്തെങ്കിലും ശേഷിച്ച 27 മാസത്തെ വാടക കുടിശ്ശിക ഈ സർക്കാരാണ് കൊടുത്തുതീർത്തത്. അവർക്ക് കൊടുത്ത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് പൈലിംഗിനുൾപ്പെടെ 1,35,000 രൂപ വീതം 326 കുടുംബ

ങ്ങൾക്ക് വിതരണം ചെയ്യുകയും തൊഴിൽ നഷ്ടപ്പെട്ട രണ്ട് കുടുംബങ്ങൾക്ക് പ്രത്യേക ആനുകൂല്യം കൊടുക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അവിടെ റോഡ്, വൈദ്യുതി, വെള്ളം, ഡ്രെയിനേജ് എന്നിവ പ്രാവർത്തിക മാക്കുന്നതിനും തീരുമാനമെടുത്തു. ഇതിന്റെ മേൽനോട്ടം വഹിക്കുന്നതിനു വേണ്ടി ജില്ലാ കളക്ടർ അടങ്ങുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. 27 ആളുകൾ ലാന്റ് അക്വിസിഷൻ അനുസരിച്ചുള്ള പണം സ്വീകരിച്ചു. പുതിയ പാക്കേജ് നടപ്പിലാക്കാൻ പ്രതിപക്ഷത്തിന്റെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 15-12-2004-ൽ വിഴിഞ്ഞം തുറമുഖ കമ്പനി രൂപീകരിക്കാൻ തീരുമാനി ക്കുകയും 2005 ജൂലൈയിൽ തുറമുഖം സംബന്ധിച്ച ഒന്നാമത്തെ ബിഡ് ക്ഷണിക്കുകയും ചെയ്തു. ചൈനീസ് കമ്പനിയുടെ പങ്കാളിത്തം ഉള്ളതു കൊണ്ട് ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചില്ല. തുടർന്ന് എൻവയോൺമെന്റൽ ക്ലിയറൻസ് കിട്ടിയശേഷം 300 കോടി രൂപ ബാങ്കു കളുടെ കൺസോർഷ്യം തരാമെന്നേറ്റു. 2004-ൽ ഈ കമ്പനി രൂപീകരിക്കു മ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് 50 കോടി രൂപ ഈ പ്രോജക്ടിന് അനുവദിച്ചിരുന്നു. തുടർന്ന് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് 200 കോടി രൂപ കൊടുത്തു. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രോജക്ട് ഓഫീസിന്റെ ഉദ്ഘാടനം 09-12-2009-ലും ഒന്നാം ഘട്ട പ്രവർത്തന ഉദ്ഘാടനം 16-08-2010-ലും വിവിധ ബാങ്കുകളുമായിട്ടുള്ള ധാരണാ പത്രം ഒപ്പുവയ്ക്കൽ 14-02-2011-ലും നടന്നു. ഒന്നാം ഘട്ടത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിഴിഞ്ഞം-പൂവാർ റോഡിൽനിന്നും തുറമുഖ ത്തേയ്ക്കുള്ള 600 മീറ്റർ റോഡ് നിർമ്മാണത്തിന്റെ ശിലാസ്ഥാപനം നടന്നു

വെങ്കിലും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിഴിഞ്ഞം പദ്ധതിക്ക് 290 ഏക്കർ സ്ഥലം വേണ്ടിടത്ത് കഴിഞ്ഞ ഗവൺമെന്റ് 35 ഏക്കർ സ്ഥലം ഏറ്റെടുത്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഡൽഹിയിൽവച്ചും കേന്ദ്ര വനം പരിസ്ഥിതി വകുപ്പുമന്ത്രി കേരളം സന്ദർശിച്ചപ്പോഴും ഈ വിഷയം ചർച്ച ചെയ്തു. മെയ് മാസം 23-ാം തീയതി ഡൽഹിയിൽ ചേർന്ന വിദഗ്ദ്ധ കമ്മിറ്റി സൈറ്റ് സ്പെസിഫിക് ടേംസ് ഓഫ് റഫറൻസിന് അനുവാദം നൽകാമെന്ന തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ ഒഫീഷ്യൽ കമ്മ്യൂണിക്കേഷൻ ഏതാനും ദിവസത്തിനുള്ളിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രോജക്ട് മുമ്പോട്ടു കൊണ്ടുപോകാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്യസംസ്ഥാന തൊഴിലാളികളുടെ അതിദയനീയ സ്ഥിതിയേയും അവരുടെ താമസസൗകര്യത്തെക്കുറിച്ചും ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ട്രേഡ് യൂണിയനുകളുടെ മീറ്റിംഗ് വിളിക്കുകയും അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും സുരക്ഷയും ഉറപ്പാക്കാൻ തീരുമാനിച്ച് പ്രസ്തുത വിഷയം സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് റീജിയണുകളിലായി ലേബർ വകുപ്പിലെ മൂന്ന് സീനിയർ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ 36 സ്ഥലത്ത് ഇൻസ്പെക്ഷൻ നടത്തുകയും 12 സ്ഥലത്ത് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തു. സ്റ്റോപ്പ് മെമ്മോ നൽകിയതിൽ 4 എണ്ണത്തിന് മാത്രമേ വർക്ക് റീസ്റ്റാർട്ട് ചെയ്യാൻ അനുവാദം നൽകിയിട്ടുള്ളൂ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ സർക്കാരിന് നേരിയ ഭൂരിപക്ഷമാണുള്ളതെങ്കിലും കൂടുതൽ ആത്മവിശ്വാസത്തോടും ജാഗ്രതയോടുംകൂടിയാണ് മുന്നോട്ടുപോകുന്നത്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് പ്രവർത്തിക്കാനും അവരുടെ ആഗ്രഹങ്ങൾ നിറവേറ്റാനും സർക്കാർ ഒറ്റക്കെട്ടായി പ്രവർത്തിക്കും. അതിന് പ്രതിപക്ഷത്തിന്റെയും സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ളവരുടെയും സഹകരണം ആവശ്യമാണ്. ചർച്ചയിലുയർന്നുവന്ന എല്ലാ നല്ല നിർദ്ദേശങ്ങളും സ്വീകരിക്കാൻ സർക്കാർ തയ്യാറാണ്. ആദിവാസികളുടെ പ്രശ്നത്തിൽ ഗവൺമെന്റിന്റെ തീരുമാനങ്ങൾ പ്രഖ്യാപിച്ചുകഴിഞ്ഞു. മൂലംപിള്ളി പാക്കേജ് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരായി 2008 വരെ 496 പേർ മരിച്ചതായ കണക്ക് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അംഗീകരിച്ചെങ്കിലും നഷ്ടപരിഹാരമായി 50,000 രൂപ കൊടുത്തത് 174 പേർക്ക് മാത്രമാണ്. ആരോഗ്യം, കൃഷി, സാമൂഹ്യക്ഷേമം, റവന്യു എന്നീ വകുപ്പുകളുടെ നിബന്ധനകളിൽ ഉൾപ്പെട്ടാൽ മാത്രമേ എൻഡോസൾഫാൻ ദുരിതബാധിതരായി അംഗീകരിക്കുകയുള്ളൂ എന്ന നിലപാട് കഴിഞ്ഞ സർക്കാർ സ്വീകരിക്കാൻ പാടില്ലായിരുന്നു. മൂന്നാർ കുടിയിറക്കലിൽ രാഷ്ട്രീയ പാർട്ടികൾ സഹായകരമായ നിലപാട് സ്വീകരിച്ചതിൽ സന്തോഷമുണ്ട്. ഗവൺമെന്റിന്റെ ഭൂമി ഒരുവിധത്തിലും നഷ്ടപ്പെട്ട് പോകരുതെന്ന അഭിപ്രായമാണ് സർക്കാരിനുള്ളത്. മൂന്നാറിലെ കയ്യേറ്റവും കുടിയേറ്റവും രണ്ടായി കാണണം. യോജിക്കാവുന്ന മേഖലകളിലെല്ലാം പ്രതിപക്ഷവുമായി യോജിച്ചും പരസ്പരം സഹകരിച്ചും മുന്നോട്ടുപോകാൻ ശ്രമിക്കും. 2011 ജനുവരി ഒന്നിനുശേഷം മുൻ ഗവൺമെന്റ് എടുത്ത തീരുമാനങ്ങൾ റദ്ദ് ചെയ്യാൻ പോകുന്നുവെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.

ഈ കാലഘട്ടത്തിൽ എടുത്തിട്ടുള്ള തീരുമാനങ്ങളിൽ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങൾ മറികടന്നുകൊണ്ട് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ യെന്ന കാര്യം പരിശോധിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരായി അംഗീകരിച്ചിട്ടുള്ള കുടുംബങ്ങൾക്ക് ഓണം മുതൽ ഒരു രൂപയ്ക്ക് അരി കൊടുക്കുന്ന പദ്ധതി ആരംഭിക്കുന്നതാണ്. മുൻ ഗവൺമെന്റിന്റെ കാലത്ത് എ.പി.എൽ. വിഭാഗക്കാർക്ക് രണ്ട് രൂപയ്ക്ക് അരി നൽകിയിരുന്ന പദ്ധതി തുടരും. ഇതുസംബന്ധിച്ച് സംസ്ഥാന ഭക്ഷ്യവും സിവിൽ സപ്ലൈസും രജി സ്ട്രേഷനും വകുപ്പുമന്ത്രി കേന്ദ്ര മന്ത്രിയുമായി സംസാരിച്ചതിന്റെ അടിസ്ഥാ നത്തിൽ അരിയുടെ ക്വോട്ട വർദ്ധിപ്പിക്കാനും എ.പി.എൽ. വിഭാഗത്തിന് 15 കിലോഗ്രാം അരി എ.പി.എൽ. റേറ്റിൽതന്നെ നൽകാനും കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഭരണ കാലത്ത് ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് നെല്ല് സംഭരണം നടക്കുന്നത്. നെൽകർഷർക്ക് 14 രൂപ സംഭരണവില നൽകാനുള്ള തുക എൽ.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം 100 കോടി രൂപ കടമെടുത്താണ് നെല്ല് സംഭരണത്തിലെ കുടിശ്ശികത്തുക കൊടുക്കാൻ നടപടി സ്വീകരിച്ചത്. കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച ഇടുക്കി പാക്കേജ് നടപ്പിലാക്കുന്നതിനായി അന്നത്തെ മുഖ്യമന്ത്രി ചെയർമാനായി രൂപം കൊടുത്ത കമ്മിറ്റി ഒരു പ്രാവശ്യം പോലും യോഗം ചേർന്നിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് ജനപ്രതിനിധികളോട് ആലോചിക്കാതെ തയ്യാറാക്കിയ പ്രോജക്റ്റ്

റിപ്പോർട്ട് ഈ ഗവൺമെന്റ് ജനപ്രതിനിധികളുടെ അഭിപ്രായങ്ങളുൾപ്പെടുത്തി തിരുത്തുകയുണ്ടായി. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കണമെന്ന ആവശ്യവുമായി സർക്കാർ മുമ്പോട്ട് പോകുമ്പോൾ പ്രതിപക്ഷമുൾപ്പെടെ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ഉണ്ടാകണം. മലയാള ഭാഷയെ ഒന്നാം ഭാഷയാക്കി അംഗീകരിക്കുകയും മലയാള സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള തീരുമാനം എടുക്കുകയും ചെയ്തു. മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി ലഭിക്കുന്നതിനുവേണ്ട ശ്രമവും തുടരുന്നതാണ്. ശബരിമലയിൽ അടുത്ത സീസണിനുമുമ്പായി സന്നിധാനത്ത് ക്യൂ കോംപ്ലക്സ് അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം തീർത്ഥാടകർക്ക് മാളികപ്പുറംവഴി ചന്ദ്രാനന്ദൻ റോഡിലേയ്ക്ക് പോകത്തക്ക വിധത്തിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുകയും ചെയ്യുന്നതാണ്. പ്രസ്തുത ബ്രിഡ്ജ് നിർമ്മിക്കാൻ കൂടുതൽ കാലതാമസം വരുമെന്നിരിക്കെ ഇക്കാര്യത്തിൽ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ സഹായം അഭ്യർത്ഥിക്കുകയും അത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോൺഗ്രസ്സ് ബലഹീനപ്പെട്ടാൽ രാജ്യത്തിന്റെ ജനാധിപത്യവും മതേതരത്വവും ദുർബലമാകുന്ന സ്ഥിതി വിശേഷമാണുള്ളത്. ഒരു കാലത്തും കോൺഗ്രസ്സ് വർഗ്ഗീയശക്തികളെ പിന്താങ്ങിയിട്ടില്ല. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(പുതിയ നിയമസഭാംഗങ്ങൾക്കായി വോട്ട് രേഖപ്പെടുത്തുന്ന രീതി ബഹുമാനപ്പെട്ട സ്പീക്കർ വിശദീകരിച്ചു.)

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച നന്ദിപ്രമേയം 64-നെതിരെ 72 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 3.55-ന് പിരിഞ്ഞു.